# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2172** **04.11.2019-ൽ മറുപടിക്ക്**

## മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ വിഭാഗം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എൻ. വിജയൻ പിള്ള** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ വിഭജിച്ച് പബ്ലിക് ഹെൽത്ത് കേഡർ എന്നും മെഡിക്കൽ സർവ്വീസ് കേഡർ എന്നും രണ്ടാക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പാക്കുമ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും എന്തെല്ലാം മാറ്റങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(എ) ഉം (ബി) കാലാവസ്ഥ ജന്യരോഗങ്ങളും പകർച്ച വ്യാധികളും ജീവിത ശൈലീ രോഗങ്ങളും വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ വിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) എന്ന പുതിയ വിഭാഗം ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ മെഡിക്കൽ സർവ്വീസസ് കേഡർ, പൊതുജനാരോഗ്യ കേഡർ എന്ന് വിഭജിച്ചുകൊണ്ടാണ് ഇത്തരത്തിൽ രൂപീകൃതമായത്. മെഡിക്കൽ ഓഫീസർമാർക്ക് ഇപ്പോൾ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിൽ ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആശുപത്രികളുടെ ഭരണ പരമായ കാര്യങ്ങളുടെ ഒപ്പം

പൊതുജനാരോഗ്യ പരിപാടികളും നടത്തിക്കൊണ്ട് പോകേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധികളിന്മേൽ നിയന്ത്രണം വരുത്തേണ്ട നടപടികളുടെ ഗൗരവവും ആവശ്യകതയും കണക്കിലെടുത്തു കൊണ്ടുമാണ് നിലവിലുള്ള കേഡറിനെ വിഭജിക്കുന്നതിനുള്ള ശിപാർശ വിഭാവനം ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ